

THURSDAY 06-07-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/07/2022.

1. കാലാവസ്ഥ വ്യതിയാനം പ്രവചനാതീതമായ ഈ കാലഘട്ടത്തിൽ കർഷകർക്ക് അവരുടെ ഏക വരുമാന മാർഗമായ കാർഷികവിളകളെ സംരക്ഷിക്കുന്നതിനുള്ള മാർഗമാണ് വിള ഇൻഷുറൻസ് പദ്ധതി. പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം എന്നിവ കർഷകർക്ക് എന്നും ഭീഷണിയാണ്. ഇത്തരം നാശനഷ്ടങ്ങളിൽ നിന്നും കർഷകരെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന സർക്കാർ വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ജൂലൈ 7 വരെ എല്ലാ പഞ്ചായത്തിലും നടത്തുന്ന ഇൻഷുറൻസ് ക്യാമ്പയിൻ കർഷകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കർഷകർക്ക് കൃഷി ഭവനുകളിൽ വരാതെ ഓൺലൈനായി തന്നെ വിള ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിനും പോളിസി കരസ്ഥമാക്കുന്നതിനുമുള്ള അവസരവും ഉണ്ട്. ഓൺലൈനായി ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് www.aims.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ് .

2. റബ്ബർഷീറ്റുണക്കുന്ന പുകപ്പുരയുടെ വിവിധ മോഡലുകൾ, അവയുടെ നിർമ്മാണം, പ്രവർത്തനം എന്നിവ സംബന്ധിച്ചും നിലവിലുള്ള പുകപ്പുരകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കൂടുതലറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ ഇന്ന് (ജൂലൈ 06) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ മറുപടി നൽകും. ഈ പ്രത്യേക 'ഫോൺ-ഇൻ' പരിപാടിയിലേക്ക് **0481 2576622** എന്ന ഫോൺ നമ്പരിൽ വിളിക്കുക.

3. ഐ. എഫ്. എ സ്പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനി സർക്കാർ അംഗീകൃത സ്ഥാപനം എന്ന രീതിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ പേരിൽ കർഷകർ വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു. ഐ. എഫ്. എ സ്പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനിയുടെ പ്രവർത്തനവുമായി കോഴിക്കോട് ജില്ലാ ആത്മ പ്രോജക്ട് ഡയറക്ടർ, E&Y, SFAC കേരള എന്നീ ഓഫീസുകൾക്ക് യാതൊരു ബന്ധവുമില്ലെന്നും എഫ് പി ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ്

എഫ് എ സി കേരളയുടെ നിർദ്ദേശപ്രകാരം അനുവദിക്കുന്ന ധനസഹായത്തിന് മേൽപ്പറഞ്ഞ കമ്പനിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും ഈ കമ്പനിയുടെ പേരിലുള്ള ഇടപാടുകളിൽ കർഷകർ സൂക്ഷിക്കണമെന്നും കോഴിക്കോട് ആത്മ പ്രോജക്റ്റ് ഡയറക്ടർ അറിയിക്കുന്നു.

4. റബ്ബർബോർഡും റബ്ബർമേഖലയിലെ പ്രമുഖസംഘടനകളും സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്ത്യാ റബ്ബർമീറ്റ് ജൂലൈ 22-ന് കൊച്ചിയിൽ ഹോട്ടൽ ലേ മെറിഡിയനിൽ വെച്ച് കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് സഹമന്ത്രി അനുപ്രിയ സിങ് പട്ടേൽ ഉദ്ഘാടനം ചെയ്യും. രണ്ടു ദിവസത്തെ സമ്മേളനപരിപാടികൾ ജൂലൈ 22, 23 തീയതികളിൽ നടക്കും. ഉദ്ഘാടനച്ചടങ്ങിൽ ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ ചെയർമാൻ സതീഷ് ശർമ്മ വിശിഷ്ടാതിഥിയായിരിക്കും. 'നാച്ചുറൽ റബ്ബർ ഫോർ എ സസ്റ്റൈനബിൾ ഫ്യൂച്ചർ' (Natural Rubber for a Sustainable Future) എന്നതാണ് ഐ.ആർ.എം. 2022-ന്റെ വിഷയം. അവന്യൂസ് ഇൻ സ്പെഷ്യാലിറ്റി ആപ്ലിക്കേഷൻസ്' (Avenues in speciality applications), 'ചലഞ്ചസ് ആന്റ് ഓപ്പർച്ച്യൂണിറ്റീസ് ഇൻ റബ്ബർ പ്രോഡക്ട്സ് മാനുഫാക്ച്ചറിങ്' (Challenges and opportunities in rubber product manufacturing), 'സപ്ലൈ ചെയിൻ സ്ട്രാറ്റജീസ്' (Supply chain strategies), 'സസ്റ്റൈനബിൾ ഫാമിങ് പ്രാക്ടീസസ്' (Sustainable farming practices) എന്നിങ്ങനെ റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ അധികരിച്ച് രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന വിദഗ്ദ്ധർ സംസാരിക്കും.

5. തിരുവനന്തപുരം ജില്ലയിലെ വിവിധ ബ്ലോക്കുകളിലേക്ക് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജന്മാരെ ദിവസവേതനാടിസ്ഥാനത്തിൽ തിരെഞ്ഞെടുക്കുന്നതിനായുള്ള അഭിമുഖം ഇന്ന് (06.07.2022) രാവിലെ 11 മണിയ്ക്ക് തമ്പാനൂർ എസ്.എസ്.കോവിൽ റോഡിലുള്ള ജില്ലാമൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അഭിമുഖത്തിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2330736** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത ഒന്നരമാസം പ്രായമുള്ള ഗ്രാമശ്രീ മുട്ടകോഴിക്കുഞ്ഞുങ്ങൾ 130 രൂപ നിരക്കിൽ ജൂലൈ 8 വരെ പ്രവൃത്തിദിനങ്ങളിൽ രാവിലെ 10നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 180 മുതൽ 200 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. ഓഫീസ് നമ്പർ: **9496930411, 8590543454**.

7. ലോക ജന്തുജന്യരോഗ ദിനാചരണവുമായി ബന്ധപ്പെട്ട് ഇന്ന് (ജൂലൈ ആറിന്) മണ്ണുത്തി വെറ്ററിനറി കോളേജ് പ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്ററിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്ററിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടുമണി വരെ ഓമന മൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുന്നു. കോവിഡ് പ്രതിരോധ ചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളു.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 07) രാവിലെ 11 മണിക്ക് **പച്ചക്കറികളിൽ മഴക്കാലരോഗങ്ങളും നിയന്ത്രണ മാർഗ്ഗങ്ങളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **11 മുതൽ 16 വരെ** (ജൂലൈ 11 മുതൽ 16 വരെ) **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ ആറു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ ആയിരിക്കും പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **8-ന് (ജൂലൈ 8) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125

രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പാലസ് പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം **13,14,15** (ജൂലൈ 13,14,15) തീയതികളിൽ വളർത്തുനായ്ക്കളുടെ പരിപാലനം, എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **20,21,22** (ജൂലൈ 20,21,22) തീയതികളിൽ പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന **അക്വാപോണിക്സ്** എന്ന കൃഷിരീതിയിൽ മൂന്ന് ദിവസത്തെ പരിശീലനം നടത്തുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും നിയന്ത്രണ മാർഗങ്ങളും, വള പ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് നാളെ (ജൂലൈ 7) രാവിലെ 10 മണി മുതൽ 4 മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെയും മറ്റന്നാളുമായി (ജൂലൈ 7,8) രാവിലെ 10 മുതൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുന്നവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടതും ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി

എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 125 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം